പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6755

12.07.2012-ലെ മറുപടിയ്ക്ക്

## വാഴക്കാട് ചെരുപ്പ് ഫാക്ടറി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കിൻഫ്രയുടെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിലെ വാഴക്കാട്-ൽ ചെരുപ്പ് ഫാക്ടറി നിർമ്മിക്കുന്നതിന് 50 കോടി രൂപയുടെ പദ്ധതി ആവിഷ്ക്കരിച്ചിരുന്നോയെന്നു വെളിപ്പെടുത്തുമോ; | (എ) മലപ്പുറം ജില്ലയിലെ വാഴക്കാട് കേന്ദ്രമാക്കി ഏകദേശം 120 ഏക്കർ ഭൂമിയിൽ 3039.75 ലക്ഷം രൂപ ചിലവ് കണക്കാക്കിയുള്ള ചെരുപ്പ് നിർമ്മാണ പാർക്ക് സ്ഥാപിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിന്മേൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള കിൻഫ്രയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പാർക്ക് സ്ഥാപിക്കുന്നതിലേക്ക് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന 120ഏക്കർ ഭൂമിയിൽ കിൻഫ്രയും റവന്യൂ വകുപ്പും സംയുക്തമായി നടത്തിയ സ്ഥല പരിശോധനയിൽ ഈ പ്രദേശത്ത് യന്ത്ര സഹായത്തോടെ വ്യാപകമായ തോതിൽ ലാറ്ററൈറ്റ് ഖനനം നടത്തിയതായി കണ്ടെത്തി. ഈ പ്രദേശം നികത്തി പാർക്ക് നിർമ്മാണത്തിന് അനുയോജ്യമാക്കി തീർക്കാൻ ഭീമമായ മുതൽമുടക്ക് അനിവാര്യമായി വന്നതിനാൽ പാർക്ക് നിർമ്മാണത്തിനായി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല |

Hasen Keeh

സെക്ഷൻ ഓഫീസർ